(എച്ച്) 64 ലോഡുകൾ നിരസിച്ചിട്ടുണ്ട്. സായിറാം, നയന ട്രേഡേഴ്സ്, കിസാൻ എന്റർപ്രൈസസ്, സ്വാമി അയ്യപ്പൻ ദാൽ മിൽസ്, ബിസ്മി ട്രേഡേഴ്സ്, ശേഷസായി ആൻഡ് കമ്പനി, കെ. വി. സൺസ്, എ.വി. കെ. ട്രേഡേഴ്സ്, പി.പി. ട്രേഡേഴ്സ്, സായി തേജ.

(ഐ) 33 ലോഡുകൾ.

(ജെ) പീസ് പരിപ്പ്, ഉഴുന്ന് പിളർന്നത്, കടുക്, ചെറുപയർ, ഉഴുന്ന്, വൻകടല, തുവരപ്പരിപ്പ്.

(കെ) വർഷകാലങ്ങളിലുണ്ടാകാറുള്ള ഈർപ്പാംശത്തിൽ ഇളവ് നൽകിയും സപ്ലൈയറുടെ സ്വന്തം ചെലവിൽ വൃത്തിയാക്കി ലഭിച്ചതുമൂലവും മേൽ സൂചന 'എച്ച് '-ൽ പേര് വിവരങ്ങൾ നൽകിയിട്ടുള്ള പാർട്ടികളിൽ നിന്നും തിരിച്ചെടുത്തിട്ടുണ്ട്.

(എൽ) നിരസിച്ചിരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(എം) സ്വീകാര്യമായവ വീണ്ടും സ്വീകരിച്ചിട്ടുണ്ട്.

(എൻ) മുഖ്യമായും ഈർപ്പാംശം കൂടിയതിനാലാണ് നിരസിച്ചത്. വർഷ കാലങ്ങളിൽ അനുവദിക്കാറുള്ള ഈർപ്പാംശത്തിന്റെ ഇളവ് (പി.എഫ്.എ. പരിധിവരെ) നൽകി സ്വീകരിച്ചിട്ടുണ്ട്.

അന്നയോജന, അന്ത്യോദയ പദ്ധതികളിൽ കൂടുതലായി ഉൾപ്പെടുത്തിയവർ

51 [1948] ശ്രീമതി ശോഭനാ ജോർജ്:
ശ്രീ. എം. കെ. നാരായണൻ മാസ്റ്റർ:
,, എം. എ. ചന്ദ്രശേഖരൻ :
,, ടി. വി. ചന്ദ്രമോഹൻ :
,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം അന്നയോജന, അന്ത്യോദയ പദ്ധതികളിൽ എത്രപേരെ കൂടുതലായി ഉൾപ്പെടുത്തി ;

(ബി) ഇതുമൂലം അവർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ ലഭിക്കും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം അന്നയോജന, അന്ത്യോദയ പദ്ധതിപ്രകാരം 114400 കുടുംബങ്ങളെ കൂടുതലായി ഉൾപ്പെടുത്തി.

(ബി) അന്ത്യോദയ, അന്നയോജന പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് പ്രതിമാസം 35 കി.ഗ്രാം അരി കിലോഗ്രാമിന് 3 രൂപ നിരക്കിൽ നൽകി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly